**Circular No: 149**
**Lenten Campaign**
**Against Hunger and**
**Disease 2014**

The Catholic Metropolitanís House
P.B.No.71, Kottayam
Kerala, India - 686001

Date: 17-03-2014

പ്രിയ ബഹുമാനപ്പെട്ട അച്ചാ,

ഈശോയുടെ പീഢാനുഭവത്തെയും കുരിശുമരണത്തെയും ഉത്ഥാനത്തെയും പ്രത്യേകമായി അനുസ്മരിക്കുന്ന പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും ദിനങ്ങളാണ് നോമ്പുകാലം. നോമ്പു കാലത്തിലെ ഏപ്രിൽ 6–ാം തീയതി ഞായറാഴ്ച നമ്മുടെ അതിരൂപതയിൽ ദാരിദ്ര്യ രോഗ നിവാര ണദിനമായി പ്രത്യേകം ആചരിക്കുകയാണ്.

കർത്താവും ഗുരുവുമായ ക്രിസ്തുവിനെ പിൻചെന്നുകൊണ്ട്, നമ്മുടെ സഹോദരി സഹോദര ന്മാരുടെ ദാരിദ്ര്യാവസ്ഥകളെ പരിഹരിക്കാനുള്ള പ്രായോഗികമാർഗ്ഗങ്ങൾ സ്വീകരിക്കാനാണ് ഓരോ ക്രൈസ്തവനും വിളിക്കപ്പെട്ടിരിക്കുന്നത് എന്ന് നോമ്പുകാല സന്ദേശത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ നമ്മെ ഓർമ്മപ്പെടുത്തുന്നു. കർദ്ദിനാൾ ബെർഗോളിയോ, ഫ്രാൻസിസ് മാർപാ പ്പയായി തെരഞ്ഞെടുക്കപ്പെട്ട നിമിഷം അടുത്തിരുന്ന ബ്രസീൽകാരനായ കർദ്ദിനാൾ ക്ലോഡിയോ ഹ്യൂമസ് അദ്ദേഹത്തോട് പറഞ്ഞതും 'പാവപ്പെട്ടവരെ മറക്കരുതെന്നാണല്ലോ'.

തന്റെ ചുറ്റും കൂടിയ ജനക്കൂട്ടത്തിന്റെ ആരവത്തിന്റെ നടുവിലും ദരിദ്രരുടെയും രോഗികളുടെയും നിലവിളികൾ തിരിച്ചറിയാൻ ക്രിസ്തുവിന് കഴിഞ്ഞു എന്നുള്ളത് നമ്മെ ചിന്തിപ്പിക്കേണ്ട വസ്തുത യാണ്.

ആധുനിക യുഗത്തിൽ ഉപഭോഗസംസ്കാരവും അനാരോഗ്യകരമായ കിടമത്സരങ്ങളും സ്വാർത്ഥ തയിലും അഹങ്കാരത്തിലും അധിഷ്ഠിതമായ ബന്ധങ്ങളും വളർന്നു വരുമ്പോൾ പതിതരുടെയും പാവപ്പെട്ടവരുടെയും അവഗണിക്കപ്പെട്ടവരുടെയും പക്ഷം ചേർന്ന് യേശുനാഥന്റെ മനോഭാവത്തി ലേയ്ക്ക് വളരാൻ നമുക്ക് സാധിക്കേണ്ടിയിരിക്കുന്നു.

വിശുദ്ധ ഗ്രന്ഥം നമ്മെ ഓർമ്മിപ്പിക്കുന്നു "നീ വസിക്കുന്ന ദേശത്ത് ദരിദ്രർ ഉണ്ടായിരിക്കും. ആകയാൽ നിന്റെ നാട്ടിൽ വസിക്കുന്ന അഗതിയും ദരിദ്രനുമായ നിന്റെ സഹോദരന് കയ്യയച്ചു കൊടുക്കുക". (നിയമ 15:11) ഇപ്രകാരം കൈ അയച്ച് സഹായിക്കാൻ കഴിയുന്നത് പാവങ്ങളിലും പുറന്തള്ളപ്പെടുന്നവരിലും നാം ക്രിസ്തുവിന്റെ മുഖം കാണുമ്പോഴാണ്. പാവങ്ങളെ സ്നേഹിക്കു ന്നതിലൂടെയും സഹായിക്കുന്നതിലൂടെയും ക്രിസ്തുവിനെയാണ് സ്നേഹിക്കുന്നതും സേവിക്കു ന്നതുമെന്ന ബോധ്യം നമുക്കുണ്ടാകണം. അധികാരവും ആഢംബരവും പണവും പൂജാവിഗ്രഹ ങ്ങളായിത്തീരുമ്പോൾ അവ സമ്പത്തിന്റെ നീതിപൂർവ്വകമായ വിതരണത്തേക്കാൾ മുന്തിയ പരിഗ ണന നേടുന്നു. നമ്മുടെ മനസാക്ഷി നീതിയിലേയ്ക്കും സമത്വത്തിലേയ്ക്കും ലാളിത്യത്തിലേയ്ക്കും പങ്കുവയ്പ്പിലേയ്ക്കും തിരിയണം.

സഭാപിതാക്കന്മാർ നമ്മെ ഓർമ്മിപ്പിക്കുന്നു, നീ പാവപ്പെട്ടവന് കൊടുക്കുന്ന ധനം മറ്റൊരു പാവ പ്പെട്ടവനിൽനിന്ന് മോഷ്ടിച്ചതോ അന്യായമായ മാർഗ്ഗത്തിൽ കൂടി സമ്പാദിച്ചതോ ആകരുത്. അന്യാ യമാർഗ്ഗത്തിൽ കൂടി പണം സമ്പാദിച്ച് ദാനധർമ്മം നടത്തി ഭക്തരാകാനും ജനപ്രീതി നേടാനും ശ്രമി ക്കുന്നത് തെറ്റാണ്. നീതി മാർഗ്ഗത്തിൽ കൂടി നേടിയ ധനം പങ്കുവയ്ക്കുമ്പോൾ മാത്രമാണ് നമ്മൾ സത്യത്തിന്റെ കാവൽക്കാരാകുന്നത്.

നോമ്പ് കാലത്തിൽ നാം എടുക്കുന്ന ഉപവാസത്തിന്റെയും മാംസ വർജ്ജനത്തിന്റെയും മറ്റ് ത്യാഗ പ്രവർത്തനങ്ങളുടെയും ഫലമായി നമുക്ക് മിച്ചം വരുന്ന തുക മറ്റുള്ളവരെ സഹായിക്കാനായി നീക്കി വയ്ക്കുമ്പോഴാണ് ഈ ആചരണങ്ങൾക്ക് അർത്ഥമുണ്ടാകുക.

നമ്മുടെ അതിരൂപതയിലെ ചില ഇടവകകളുടെ ദേവാലയ നിർമ്മിതിക്കായി പല ഇടവകകളും സാമ്പത്തികമായി സഹായിക്കാൻ മുന്നോട്ടുവന്നത് പ്രത്യേകം ശ്ലാഘനീയമാണ്. ഇന്ന് മത്സരബുദ്ധിയോടെ ആഘോഷങ്ങൾക്കായി പലരും പണം ധൂർത്തടിക്കുമ്പോൾ ദരിദ്രരും രോഗികളുമായ വ്യക്തികളെ ഏറ്റെടുത്ത് സംരക്ഷിക്കുന്ന പല സ്ഥാപനങ്ങൾ നമ്മുടെ അതിരൂപതയിലുണ്ട് എന്ന കാര്യം മനസ്സിലാക്കി ആ സ്ഥാപനങ്ങളെ സഹായിക്കുവാൻ നമുക്ക് കഴിയണം.

നമ്മുടെ ആവശ്യങ്ങൾക്കപ്പുറമുള്ളത് സഹോദരങ്ങളുടെ അത്യാവശ്യങ്ങൾ നിറവേറ്റാനുള്ളതാണെന്നുള്ള തിരിച്ചറിവോടെ ദാനധർമ്മങ്ങളിലൂടെയും പരസ്നേഹ പ്രവർത്തനങ്ങളിലൂടെയും സഭയുടെ ദാരിദ്ര്യ രോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ നമുക്ക് പങ്കുചേരാം.

നമ്മുടെ അതിരൂപതയിലെ സാമൂഹ്യസേവന പ്രസ്ഥാനങ്ങളായ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും, മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയും, ഹൈറേഞ്ച് ഗ്രീൻവാലി ഡെവലപ്മെന്റ് സൊസൈറ്റിയും ജാതിമതഭേദമന്യേ പൊതുനന്മയ്ക്കായി നടത്തുന്ന സേവനങ്ങൾ പ്രത്യേകം എടുത്തുപറയേണ്ടതാണ്. നമ്മുടെ സേവനവും സഹായവും ലഭ്യമാക്കി സോഷ്യൽ സർവ്വീസ് സൊസൈറ്റി വഴിയായി വികസന നേട്ടങ്ങൾ കൈവരിച്ച് പ്രശ്നങ്ങളെ അതിജീവിക്കുവാൻ വിവിധ മതവിഭാഗത്തിൽപ്പെടുന്ന ധാരാളം ആളുകളെ നമുക്ക് സഹായിക്കാൻ കഴിയും.

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സുവർണ്ണ ജൂബിലി വർഷത്തിൽ ജൂബിലി സ്മാരകമായി വിഭാവനം ചെയ്ത "ചൈതന്യ ജീവകാരുണ്യനിധി" ഈ അവസരത്തിൽ പ്രത്യേകം അനുസ്മരിക്കേണ്ടതും ഇതു വഴി നാം വിളംബരം ചെയ്യുന്ന സഹോദര സ്നേഹത്തിന്റെയും ജീവകാരുണ്യത്തിന്റെയും സന്ദേശം സമൂഹത്തിൽ പ്രതിഫലിക്കേണ്ടതുമാണ്. ഇടവകതലത്തിൽ വ്യക്തമായ ദിശാബോധത്തോടെ പങ്കാളിത്താധിഷ്ഠിതമായ വികസന സ്വപ്നങ്ങളോടെ പ്രവർത്തിക്കുന്ന ലോക്കൽ കെ. എസ്.എസ്.എസ്. / മാസ്സ് യൂണിറ്റുകളും ഗ്രാമവികസന സമിതികളും നേതൃത്വം കൊടുക്കുന്ന പദ്ധതികളോട് എല്ലാവരും സർവ്വാത്മനാ സഹകരിക്കണം.

തന്റെ ദാരിദ്ര്യത്താൽ നമ്മെ സമ്പന്നരാക്കിയ ദൈവം നമ്മുടെ എല്ലാ ഉപവി പ്രവർത്തനങ്ങളെയും അനുഗ്രഹിച്ച് ആശീർവ്വദിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

**✠മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

**N.B:** ഈ സർക്കുലർ ദാരിദ്ര്യരോഗ നിവാരണദിനമായ ഏപ്രിൽ ആറാം തീയതി ഞായറാഴ്ച നമ്മുടെ ദേവാലയങ്ങളിൽ വി. കുർബ്ബാന മദ്ധ്യേ വായിച്ചറിയിക്കേണ്ടതും അന്നത്തെ സ്തോത്രക്കാഴ്ച അതിരൂപതാ കേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതുമാണ്.